STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.381/PR/SPMC/PHQ/2025 Date: 11.11.2025

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് ക്വിസ് ഫൈനൽ നാളെ തിരുവനന്തപുരത്ത്

കേരള പോലീസിന്റെ അഭിമാന പദ്ധതിയായ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല ക്വിസ് പ്രോഗ്രാമായ 'വിസ്‌കിഡ് ചാമ്പ്യൻഷിപ്പ് 2025 26'ന്റെ ഗ്രാൻഡ് ഫൈനൽ നാളെ (നവംബർ 12, ബുധനാഴ്ച) തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിൽ വച്ച് നടക്കും.

അറിവിന്റെ മാറ്റുരയ്ക്കുന്ന വിജ്ഞാനത്തിന്റെ ഉത്സവം എന്നതിനപ്പുറം കുട്ടികളിൽ ബുദ്ധിശക്തിക്കൊപ്പം പൗരബോധം, ദേശസ്നേഹം, ഉത്തരവാദിത്വബോധം എന്നിവ വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

സംസ്ഥാനത്തെ ഇരുപതു പോലീസ് ജില്ലകളിൽ നിന്നുമുള്ള അഞ്ചു ലക്ഷത്തോളം ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും മത്സരിച്ചു ജയിച്ച 120 വിദ്യാർത്ഥികളാണ് ഫൈനൽ റൗണ്ടിൽ മത്സരിക്കാനെത്തുന്നത്. ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ തലങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 25000, 15000, 10000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും ലഭിക്കും. വിഖ്യാത ക്വിസ് മാസ്റ്റർ സ്നേഹജ് ശ്രീനിവാസനാണ് ക്വിസ് മത്സരങ്ങൾ നിയന്ത്രിക്കുന്നത്. ആനുകാലിക വിവരങ്ങൾ, ഇന്ത്യ ചരിത്രം, സംസ്കാരം, ശാസ്ത്രസാങ്കേതികം എന്നിവയെ അപഗ്രഥിച്ചാണ് മത്സരങ്ങൾ നടത്തുന്നത്.

രാവിലെ 09.30 ന് ആരംഭിക്കുന്ന ഉദ്ഘാടന ചടങ്ങിൽ ഡിജിപിയും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുമായ മനോജ് എബ്രഹാം വിശിഷ്ടാതിഥിയായിരിക്കും. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി, പരിശീലന വിഭാഗം ഐ.ജി. ഗുഗുലോത്ത് ലക്ഷ്മൺ, തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജിയും

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുമായ അജീത ബീഗം, പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പളും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ അഡീഷണൽ നോഡൽ ഓഫീസറുമായ ജയശങ്കർ .ആർ എന്നിവർ പങ്കെടുക്കും.

ഹൈസ്കൂൾ വിഭാഗത്തിനും ഹയർ സെക്കന്ററി വിഭാഗത്തിനും പ്രത്യേകമായാണ് മത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്. പ്രിലിമിനറി റൗണ്ട്, സെമിഫൈനൽ റൗണ്ട്, ഫൈനൽ റൗണ്ട് എന്നിങ്ങനെയാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. രാവിലെ മുതൽ ആരംഭിക്കുന്ന ക്വിസ് മത്സരങ്ങളിൽ വിശിഷ്ടാതിഥികളായി തിരുവനന്തപുരം ജില്ലാ കളക്ടർ അനു കുമാരി, ക്രമസമാധാന വിഭാഗം എ.ഡി.ജി.പി എച്ച്. വെങ്കടേഷ്, സംസ്ഥാന ഇന്റലിജൻസ് വിഭാഗം എ.ഡി.ജി.പി പി. വിജയൻ, കേരള ട്രാൻസ്പോർട്ട് കമ്മീഷണറും ഐ.ജിയുമായ നാഗരാജു ചകിലം എന്നിവർ സംബന്ധിക്കും.

വൈകുന്നേരം അഞ്ച് മണിക്ക് നടക്കുന്ന  സമാപന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ മത്സരവിജയികൾക്ക് ക്യാഷ് അവാർഡും ട്രോഫികളും വിതരണം ചെയ്യും. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉമേഷ് എൻ.എസ്.കെ, തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ് ശ്രീജിത്ത്, സംസ്ഥാന ഇന്റലിജൻസ് വിഭാഗം എ.ഡി.ജി.പി പി. വിജയൻ, പരിശീലന വിഭാഗം ഐ.ജി. ഗുഗുലോത്ത് ലക്ഷ്മൺ, തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുമായ അജീത ബീഗം, റെയിൽവേ പോലീസ് എസ്.പി ഷഹൻഷാ എന്നിവർ സമാപനച്ചടങ്ങിൽ പങ്കെടുക്കും.

മുന്നൂറോളം എസ്.പി.സി. കേഡറ്റുകൾ, രക്ഷിതാക്കൾ, അധ്യാപകർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിന്റെ ഭാഗമാകും.

******************************